(ഡി) 28-1-2001 മുതൽ.

(ഇ) ഒന്നും കണ്ടുകിട്ടിയിട്ടില്ല.

(എഫ്) കത്ത് കിട്ടിയിട്ടില്ല.

(ജി) ഇത് ഒരു പ്രൊഫഷണൽ കുറ്റകൃത്യം എന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുള്ളത്.

(എച്ച്) കേസന്വേഷണം നടക്കുന്നു.

സംസ്ഥാനത്ത് നടന്ന മരണങ്ങൾ

159 (161) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ട് ; അവയിൽ സാമ്പത്തികബുദ്ധിമുട്ടുമൂലമുള്ള ആത്മഹത്യകളെത്ര ; സ്ത്രീ പീഡനംമൂലം നടന്നവയെത്ര ; 15 വയസ്സിനു താഴെയുള്ള കുട്ടികളുടെ ആത്മഹത്യയെത്ര ;.

(ബി) ഈ കാലയളവിൽ എത്ര സ്ത്രീകളും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളും ആത്മഹത്യ ചെയ്തിട്ടുണ്ട് ;

(സി) സ്ത്രീ പീഡനംമൂലം ഈ കാലത്ത് എത്ര പട്ടികജാതി പട്ടികവർഗ്ഗക്കാർ ആത്മഹത്യ ചെയ്തു ;

(ഡി) ഈ കാലത്ത് എത്ര കുടുംബ ആത്മഹത്യകളും കൂട്ട ആത്മഹത്യകളും നടന്നു ;

(ഇ) ഈ കാലത്ത് ദുരൂഹ സാഹചര്യത്തിൽ എത്രപേർ മരിച്ചു ; പട്ടിണിമൂലമോ ആഹാരം ലഭിക്കാത്തതുമൂലമോ പോഷകാഹാര കുറവുമൂലമോ ഉള്ള രോഗം കൊണ്ടോ ഈ കാലത്ത് എത്ര പേർ മരിച്ചു ; ആരെല്ലാം ;

(എഫ്) ഈ കാലത്ത് എത്ര അനാഥ പ്രേതങ്ങളെ കണ്ടെത്തി ; ഇവയിൽ കൊലപാതകമെന്ന് തെളിഞ്ഞ സംഭവങ്ങൾ എത്ര ?

ഉത്തരം

(എ) ആകെ 42549 ആത്മഹത്യകൾ. മറ്റു വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്ത്രീകൾ - 12569
പട്ടികജാതി - പട്ടികവർഗ്ഗ സ്ത്രീകൾ - 1330

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കൂട്ട ആത്മഹത്യ - 250, കുടുംബ ആത്മഹത്യ - 54

(ഇ) 147 പേർ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടു. പട്ടിണിമൂലമോ പോഷകാഹാരക്കുറവുമൂലമോ ആരും മരണപെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 975 അനാഥ പ്രേതങ്ങളിൽ 33 എണ്ണം കൊലപാതകമാണെന്നു തെളിഞ്ഞു.

160 (162) തടവുശിക്ഷ ഇളവു ചെയ്ത സംഭവം

ശ്രീ. കെ.സി. വേണുഗോപാൽ :

ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം തടവിനുവിധേയമായി തടവുശിക്ഷ അനുഭവിച്ചു വരുന്നവരുടെയും മറ്റുവിധത്തിലുള്ള തടവുശിക്ഷ അനുഭവിച്ചുവരുന്നവരുടെയും തടവുകാലം ഇളവുചെയ്തുകൊണ്ട് അവരെ ജയിൽ മോചിതരാക്കിയ സംഭവം ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ടോ ;

(ബി) ഈ വിഭാഗത്തിൽപ്പെടുന്നവരുടെ സൂക്ഷ്മ വിവരങ്ങൾ നൽകണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത വിവരം നൽകിയോ, ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഈ ഗണത്തിൽപ്പെടുന്ന എത്രപേരെ ഈ ഗവൺമെന്റിന്റെ കാലത്ത് തടവുശിക്ഷ ഇളവു ചെയ്ത് മോചിപ്പിച്ചിട്ടുണ്ടെന്ന് പറയുമോ ;

(ഡി) ഇവരിൽ രാഷ്ട്രീയ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റകൃത്യം ചെയ്ത് ശിക്ഷിക്കപ്പെട്ടവർ എത്രയെന്ന് പറയുമോ ;

(ഇ) അവർ ഏതു രാഷ്ട്രീയ കക്ഷികളിൽപ്പെട്ടവരാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമാനുസൃതമായി പ്രിസൺ റിവ്യൂ കമ്മിറ്റിയും ജയിൽ അഡ്വൈസറി ബോർഡും നൽകുന്ന ശുപാർശകൾ പരിശോധിച്ചു തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവിരം ഹൈക്കോടതിക്ക് നൽകിയിട്ടുണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 886 ജീവപര്യന്തം തടവുകാരെയും ജയിൽ ഉപദേശക സമിതിയുടെ ശുപാർശ പ്രകാരം 128 തടവുകാരെയും ശിക്ഷ ഇളവ് ചെയ്ത് മോചിപ്പിച്ചിട്ടുണ്ട്. ജയിൽ ഉപദേശകസമിതി 14 വർഷം യഥാർത്ഥശിക്ഷ പൂർത്തീകരിച്ച ജീവപര്യന്തം തടവുകാരുടെ കേസുകൾക്ക് പുറമെ ഹ്രസ്വകാല ശിക്ഷാ തടവുകാരുടെയും കേസുകൾ കേരള പ്രിസൺ റൂൾ 545 അനുസരിച്ച് പരിഗണിക്കുന്നു.

(ഡി) കുറ്റകൃത്യം രാഷ്ട്രീയ കാരണങ്ങളാലാണോ അതോ മറ്റ് കാരണങ്ങളാലാണോ എന്ന് ജയിൽ രേഖകളിൽ ചേർക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly